# ആരാധനക്രമത്തിൽ അപഭ്രംശങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## പൊതു നിർദേശങ്ങൾ

1. ബലിവേദിയിലെ സജ്ജീകരണങ്ങൾ: അൾത്താരയിൽ ഒരു വെള്ള വിരിയെങ്കിലും വേണം. തിരികൾ അൾത്താരയിലോ സമീപത്തോ വയ്ക്കാവുന്നതാണ്. അൾത്താരയ്ക്കും ജനങ്ങളുടെ ഭാഗത്തിനുമിടയിൽ ഒരു വശത്തായി അൾത്താര മറയ്ക്കാത്ത വിധം സ്ഥാപിച്ചിരിക്കുന്ന വചനപീഠത്തിൽ വേദപാഠകം വയ്ക്കേണ്ടതാണ്. ദിവ്യസക്രാരിയ്ക്കുമുകളിലായോ വശത്തായോ ക്രൂശിതരൂപമുള്ള കുരിശ് സ്ഥാപിക്കേണ്ടതാണ്.[1] ദിവ്യസക്രാരിയെ മറയ്ക്കാത്ത തരത്തിൽ അദ്ധ്യക്ഷപീഠവും സഹകാർമ്മികർക്കും മറ്റു ശുശ്രൂഷകർക്കുമുള്ള ഇരിപ്പിടങ്ങളും സജ്ജീകരിക്കേണ്ടതാണ്. അൾത്താരയുടെ പുറകിൽ ഒരു വശത്തായി കാഴ്ചദ്രവ്യങ്ങളും തിരുപ്പാത്രങ്ങളും വയ്ക്കാനായി ഒരു മേശ (credence table) സജ്ജീകരിച്ചിരിക്കണം.
2. കർത്താവേ കനിയണമേ, അത്യുന്നതങ്ങളിൽ, വിശ്വാസപ്രമാണം, പരിശുദ്ധൻ, സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന എന്നീ പ്രാർത്ഥനകൾ ദിവ്യപൂജാഗ്രന്ഥത്തിലെ വാക്കുകൾ ഉപയോഗിച്ചു ചൊല്ലുകയോ ആലപിക്കുകയോ ചെയ്യേണ്ടതാണ്. ഇവയിലെ വാക്കുകൾ മാറ്റാൻ പാടില്ലാത്തതാണ്.
3. സമിതിപ്രാർത്ഥന, നൈവേദ്യപ്രാർത്ഥന, സ്തോത്രയാഗപ്രാർത്ഥന, ദിവ്യഭോജനപ്രാർത്ഥന മുതലായ അദ്ധ്യക്ഷപ്രാർത്ഥനകൾ ദിവ്യപൂജാഗ്രന്ഥത്തിൽ ഉള്ളതുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇവയിൽ മാറ്റം വരുത്തുകയോ സ്വയം പ്രേരിതമായി കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ ചെയ്യരുത്. ഒരു ദിവ്യപൂജയിൽ ഒന്നിലധികം സമിതിപ്രാർത്ഥനകൾ കൂട്ടിച്ചേർക്കരുത്.
4. ആരാധനാക്രമാനുഷ്ഠാനത്തിന് പുരോഹിതന് നിശ്ചയിക്കപ്പെട്ടിട്ടുള്ള തിരുവസ്ത്രങ്ങൾ അണിയേണ്ടതാണ്. ദിവ്യബലിക്ക് പുരോഹിതൻ ആൽബും ചരടും സ്റ്റോളും ദിവ്യപൂജാവസ്ത്രവും നിർബന്ധമായും ധരിക്കേണ്ടതാണ്.[2] സഹകാർമ്മികരും ഇവ തന്നെ ധരിക്കേണ്ടതാണ്.
5. പ്രാരംഭകർമ്മത്തിലെ അഭിസംബോധനയ്ക്കുശേഷവും വചനപ്രഘോഷണകർമ്മത്തിനുമുമ്പും സ്തോത്രയാഗപ്രാർത്ഥനയ്ക്കുമുമ്പും (ആമുഖഗീതിയ്ക്കുമുമ്പ്) സമാപനകർമ്മത്തിനുമുമ്പും ആവശ്യമെങ്കിൽ ഹ്രസ്വവിവരണങ്ങൾ നല്കാവുന്നതാണ്. മറ്റവസരങ്ങളിൽ അവ പാടില്ലാത്തതാകുന്നു.
6. ധൂപം ഉപയോഗിക്കുമ്പോൾ പുരോഹിതൻ കുന്തുരുക്കം ഇട്ടതിനുശേഷം ഒന്നും ഉച്ചരിക്കാതെ കുരിശടയാളം വരച്ച് ആശീർവദിക്കേണ്ടതാണ്.
7. സമൂഹദിവ്യബലിയിൽ പ്രവേശനഗാനം തുടങ്ങിയതിനുശേഷം പുരോഹിതർ സഹകാർമ്മികരായി പങ്കുചേരാൻ പാടില്ലാത്തതാകുന്നു.
8. ആഗമനകാലത്ത് പൂക്കൾകൊണ്ടുള്ള അലങ്കാരം മിതമായി ചെയ്യേണ്ടതാണ്; തപസ്സുകാലത്ത് അത് പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

---

[1] ബലിവേദിയിൽ ക്രൂശിതരൂപം ഉണ്ടെങ്കിൽ അൾത്താരയിൽ മറ്റൊരു ക്രൂശിതരൂപം വയ്ക്കാൻ പാടുള്ളതല്ല. ബലിവേദിയിൽ ക്രൂശിതരൂപമില്ലെങ്കിൽ പ്രവേശനപ്രദക്ഷിണത്തിന് ഉപയോഗിക്കുന്ന കുരിശ് അൾത്താരയ്ക്കുസമീപം എല്ലാവർക്കും കാണത്തക്കവിധം ഉചിതമായ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

[2] ദിവ്യപൂജാവസ്ത്രത്തിന്റെ പുറത്ത് സ്റ്റോൾ ധരിക്കാൻ പാടുള്ളതല്ല.

9. അനുവാദത്തോടെ ദേവാലയത്തിനുപുറത്ത് ദിവ്യബലി അർപ്പിക്കുമ്പോൾ ആരാധന ക്രമം അനുശാസിക്കുന്ന നിർദേശങ്ങൾക്കനുസരിച്ചായിരിക്കണം നിർവഹിക്കേണ്ടത്.
10. ആരാധനക്രമത്തിലെ സജീവപങ്കാളിത്തത്തിനു തടസ്സമാകുന്ന രീതിയിൽ വിശുദ്ധരുടെ രൂപങ്ങൾ ക്രമീകരിക്കാൻ പാടില്ലാത്തതാകുന്നു.
11. യാമപ്രാർത്ഥന ദിവ്യബലിയിൽ ഉൾച്ചേർത്ത് നടത്തുമ്പോൾ ആരാധനക്രമനിർദേശ ങ്ങൾ പാലിക്കേണ്ടതാണ്. പ്രത്യേകിച്ച് പ്രഭാതത്തിൽ സഖറിയാഗീതിയും സായാഹ്ന ത്തിൽ മരിയഗീതിയും ഉപയോഗിക്കേണ്ടതാണ്.
12. ആഗമനകാലത്തും തപസ്സുകാലത്തും ആരാധനക്രമ കലണ്ടറിൽ അനുവദിച്ചിട്ടുള്ള തിരുനാളുകൾ ഒഴികെ മറ്റൊന്നും നടത്താൻ പാടില്ലാത്തതാകുന്നു.
13. ദിവ്യബലിയിൽ അംഗീകരിച്ചിട്ടുള്ള ഗാനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.
14. ആരാധനക്രമത്തിലെ ഗാനങ്ങൾ കത്തോലിക്കാ വിശ്വാസസത്യങ്ങളോട് പൊരുത്തപ്പെ ടുന്നവയും വിശുദ്ധഗ്രന്ഥത്തിൽനിന്നും ആരാധനക്രമത്തിന്റെ ഉറവിടങ്ങളിൽനിന്നും ഉരുത്തിരിഞ്ഞവയും ആയിരിക്കണം (SC 121)
15. വിശ്വാസിസമൂഹം ഒരുമിച്ച് ആലപിക്കുന്നതരത്തിലായിരിക്കണം ഗായകസംഘം തങ്ങ ളുടെ ശുശ്രൂഷ നടത്തേണ്ടത്.
16. എല്ലാ ഭക്തിഗാനങ്ങളും ആരാധനക്രമഗാനങ്ങളല്ല. കേൾവിക്കാർക്ക് ഇമ്പം നല്കുന്ന രീതിയിൽ സംഗീതവും പശ്ചാത്തലസംഗീതവും ചിട്ടപ്പെടുത്തി ഇറക്കുന്ന ഭക്തിഗാന ങ്ങൾ ആരാധനക്രമത്തിനായി ഉണ്ടാക്കപ്പെടുന്നവയല്ല. ആരാധനക്രമഗാനങ്ങളിൽ വിശേഷിച്ച് ദിവ്യപൂജാഗാനങ്ങളിൽ ഇത്തരത്തിൽ ഉണ്ടാക്കപ്പെട്ട ഒത്തിരി ഭക്തിഗാന ങ്ങൾ ഇടംപിടിച്ചതായി കാണുന്നുണ്ട്. സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്ത അതേരീ തിയിൽ പാട്ട് മാത്രം ഒഴിവാക്കി ഉണ്ടാക്കുന്ന കരോക്കെയും മറ്റ് മൈനസ് ട്രാക്കുകളും ഫ്ളോപ്പിയിലും പെൻഡ്രൈവിലും ഇലക്ട്രോണിക് ഓർഗനിലും പകർത്തി പശ്ചാത്തല സംഗീതത്തിന്റെ അതിപ്രസരത്തോടുകൂടി ഗാനങ്ങളുടെ തുടക്കത്തിലും പല്ലവികൾക്കിട യിലും നീണ്ട ബാഗ്രൗണ്ട് മ്യൂസിക് (background music) ഉപയോഗിച്ചും നടത്തുന്ന സംഗീതാ ലാപനം ആരാധനക്രമസംഗീതത്തിന്റെ ചൈതന്യത്തിന് വിരുദ്ധമാകയാൽ അങ്ങേയറ്റം നിരുത്സാഹപ്പെടുത്തേണ്ടതും ക്രമാനുഗതമായി നിർത്തലാക്കേണ്ടതുമാണ്.
17. സംഗീതോപകരണത്തിന്റെ ശബ്ദം ഗായകസംഘത്തിന്റെ സ്വരത്തെക്കാൾ കൂടുതൽ ഉച്ചത്തിലാകാൻ പാടില്ല.
18. ഗായകസംഘം തിരുക്കർമ്മാനുഷ്ഠാനത്തിന്റെ അവിഭാജ്യഘടകമാകയാൽ വിശ്വാസി കൾ മാത്രമേ അതിൽ അംഗങ്ങളാകാവൂ.
19. തിരുക്കർമ്മങ്ങൾക്ക് ഗായകസംഘങ്ങൾ ഈടാക്കുന്ന പ്രതിഫലത്തിന്റെ കാര്യത്തിൽ ഓരോ രൂപതയിലെയും ലിറ്റർജിക്കൽ കമ്മിറ്റി ഉചിതമായ മാർഗ്ഗനിർദേശങ്ങൾ നല്കേ ണ്ടതും ആവശ്യമെങ്കിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## ദിവ്യപൂജ

### <u>പ്രാരംഭകർമങ്ങൾ</u>

1. പ്രവേശനഗാനത്തിന് ഉചിതമായ ഗാനങ്ങളാണ് ആലപിക്കേണ്ടത്.[3]
2. പ്രവേശനഗാനമുള്ളപ്പോൾ പ്രവേശനപ്രഭണിതം ചൊല്ലുന്നില്ല.

---

[3] പ്രവേശനഗാനത്തിന്റെ ലക്ഷ്യങ്ങൾ : ദിവ്യപൂജയ്ക്ക് ആരംഭം കുറിക്കുക, വിശ്വാസിസമൂഹത്തിന്റെ ഐക്യം പോഷിപ്പി ക്കുക, ആരാധനക്രമവത്സരത്തിലെ പ്രത്യേക കാലങ്ങളുടെയോ ആഘോഷങ്ങളുടെയോ രഹസ്യത്തിലേക്ക് അവരെ നയി ക്കുക, പുരോഹിതന്റെയും ശുശ്രൂഷകരുടെയും പ്രവേശന പ്രദക്ഷിണത്തിന് അകമ്പടി സേവിക്കുക (GIRM No. 47)

3. പ്രവേശനപ്രദക്ഷിണം അവസാനിക്കുമ്പോൾ പ്രവേശനഗാനവും അവസാനിക്കേണ്ട താണ്.
4. ഞായറാഴ്ചദിവസങ്ങളിലും ആഘോഷദിവസങ്ങളിലും സാഘോഷമായ പ്രവേശനപ്രദ ക്ഷിണം നടത്തേണ്ടതാണ്[4]
5. ആമുഖപ്രസംഗം ഹ്രസ്വമായിരിക്കണം. അത് സുവിശേഷപ്രസംഗത്തിന് പകരമാകുന്ന രീതിയിൽ ദീർഘിപ്പിക്കാൻ പാടില്ലാത്തതാണ്. ഗുഡ് മോണിംഗ്, സുഖമാണോ, ഹലോ തുടങ്ങിയ സാധാരണ അഭിവാദനങ്ങൾ (secular greetings) ഉപേക്ഷിക്കേണ്ടതാണ്.[5]
6. അനുതാപശുശ്രൂഷയ്ക്കുള്ള വിവിധ രൂപങ്ങൾ മാറി മാറി ഉപയോഗിക്കേണ്ടതാണ്. അനുതാപകർമ്മത്തിന്റെ സമാപനത്തിലുള്ള പാപമോചനപ്രാർത്ഥന പുരോഹിതൻ കൂപ്പുകരങ്ങളോടെയാണ് ചൊല്ലേണ്ടത്, ഒരിക്കലും കരങ്ങൾ ജനങ്ങളുടെമേൽ നീട്ടിപി ടിക്കുന്നില്ല.
7. സമിതിപ്രാർത്ഥനയുടെ ആരംഭത്തിൽ കൂപ്പുകരങ്ങളോടെ “നമുക്കു പ്രാർത്ഥിക്കാം” എന്നു പുരോഹിതൻ പറഞ്ഞതിനുശേഷം അല്പം നിശബ്ദത എല്ലാവരും പാലിക്കേ ണ്ടതാണ്.[6]

**<u>ദൈവവചനപ്രഘോഷണകർമ്മം</u>**

8. ആരാധനക്രമ നിർദേശങ്ങൾക്കനുസരിച്ച് വേദപാഠകങ്ങളിൽ കൊടുത്തിരിക്കുന്ന വായനഭാഗങ്ങൾതന്നെയാണ് ഉപയോഗിക്കേണ്ടത്. പുരോഹിതരുടെ താല്പര്യത്തിനനു സരിച്ച് പാഠകങ്ങൾ മാറ്റാൻ പാടില്ല. [7]
9. പരിശീലനം ലഭിച്ചവരും മാതൃകാപരമായ വിശ്വാസികളുമാണ് വായനകൾ നടത്തേണ്ട ത്. ചെറിയകുട്ടികൾ, അവിശ്വാസികൾ, അനഭിമതർ മുതലായവർ പാഠകരായി വരാൻ പാടില്ലാത്തതാണ്.
10. വചനപ്രഘോഷണകർമ്മം മുഴുവനും വചനപീഠത്തിൽ നിന്നാണ് നടത്തേണ്ടത്. അൾത്താര സ്തോത്രയാഗകർമ്മത്തിന്റെ സ്ഥലമായതുകൊണ്ട് വചനപ്രഘോഷണ ത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.
11. വചനപ്രഘോഷണകർമ്മത്തിൽ വിശുദ്ധഗ്രന്ഥത്തിലെ ഭാഗങ്ങൾ അല്ലാത്തതൊന്നും ഉപയോഗിക്കാൻ പാടില്ല.
12. ഒന്നാം വായനയ്ക്കുള്ള വിശ്വാസികളുടെ പ്രത്യുത്തരമായിട്ടാണ് പ്രതിവചനസങ്കീർത്തം ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ട് പാഠകത്തിലുള്ള പ്രതിവചനസങ്കീർത്തനങ്ങൾ മാറ്റാൻ പാടില്ലാത്തതാകുന്നു. സങ്കീർത്തനം ആലപിക്കുമ്പോൾ ജനങ്ങളുടെ പ്രത്യു ത്തരം കൃത്യമായും നടത്തേണ്ടതാണ്.
13. വചനപ്രഘോഷണം ശുശ്രൂഷാദൗത്യമാകയാൽ ഒന്നിലധികം ആളുകൾ ഉള്ളപ്പോൾ ഒരാൾതന്നെ എല്ലാ വായനകളും നടത്തുന്നത് ഉചിതമല്ല.

---

[4] പ്രവേശനപ്രദക്ഷിണത്തിന്റെ ക്രമം ഇപ്രകാരമാണ്: ഏറ്റവും മുന്നിൽ ധൂപവാഹകൻ, തൊട്ടുപിന്നിൽ കുരിശുവാഹകൻ, അതിനിരുവശവും കത്തിച്ച തിരിപിടിച്ച ശുശ്രൂഷകർ, സുവിശേഷഗ്രന്ഥം അല്പം ഉയർത്തിപ്പിടിച്ച ഡീക്കൻ ( ഡീക്കൻ ഇല്ലെങ്കിൽ ഒരു ശുശ്രൂഷകൻ), ഏറ്റവും പിന്നിൽ കാർമ്മികൻ.(GIRM 120)

[5] വിശ്വാസികളെ അതാതു ദിവസത്തിലെ ദിവ്യപൂജയിലേക്ക് നയിക്കുന്ന തരത്തിൽ വളരെ ഹ്രസ്വമായി പുരോഹിതനോ, ഡീക്കനോ ഒരു അല്മായ ശുശ്രൂഷകനോ അത് നല്കുന്നു. (GIRM 50)

[6] വിശ്വാസികൾ തങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഇവിടെ അല്പനിമിഷം നിശബ്ദത പാലിക്കു ന്നത്.

[7] ഞായറാഴ്ചകളിൽ മൂന്നുവർഷം കൊണ്ടും ഇടദിവസങ്ങളിൽ രണ്ടുവർഷം കൊണ്ടും വിശുദ്ധഗ്രന്ഥത്തിലെ കൂടുതൽഭാഗ ങ്ങൾ വിശ്വാസികൾക്ക് നല്കുന്നതിനുവേണ്ടിയാണ് വേദപാഠകങ്ങൾ (Lectionary) ക്രമീകരിച്ചിരിക്കുന്നത്.

14. തപസ്സുകാലം ഒഴികെ സുവിശേഷത്തിനുമുമ്പ് അല്ലേലുയ ഗീതമായിരിക്കണം ആലപിക്കേണ്ടത്. അല്ലേലുയ ആരംഭിക്കുമ്പോൾതന്നെ എല്ലാവരും എഴുന്നേറ്റു നില്ക്കേണ്ടതാണ്.
15. ഒന്നാം വായന, രണ്ടാം വായന, പ്രതിവചന സങ്കീർത്തനം, അല്ലേലുയ എന്നീ തലക്കെട്ടുകളും അദ്ധ്യായം, വാക്യങ്ങൾ, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന സംഗ്രഹവാക്യങ്ങൾ എന്നിവയും വായിക്കാൻ പാടില്ലാത്തതാണ്.
16. സുവിശേഷ പ്രഘോഷണത്തിനുമുമ്പ് പുരോഹിതൻ അൾത്താരയുടെ സമീപം വന്ന് ശിരസ്സു നമിച്ച് ''വിശുദ്ധസുവിശേഷം യഥായോഗ്യം'' എന്ന പ്രാർത്ഥന പതിഞ്ഞ സ്വരത്തിൽ ചൊല്ലിയതിനുശേഷം വചനപീഠത്തിലേയ്ക്ക് പോകുന്നു. ഈ പ്രാർത്ഥന വചനപീഠത്തിൽ വച്ചോ, ഉച്ചസ്വരത്തിലോ ചൊല്ലാൻ പാടുള്ളതല്ല.
17. സുവിശേഷപ്രഘോഷണത്തിനുമുമ്പുള്ള ''കർത്താവ് നിങ്ങളോടുകൂടെ'' എന്ന അഭിസംബോധന ഡീക്കനോ വൈദികനോ കരങ്ങൾ കൂപ്പിയാണ് ചൊല്ലേണ്ടത്. സുവിശേഷത്തിന് പരമമായ ആദരവ് നല്കാൻ വേണ്ടിയാണിത്. ഇവിടെ കൈകൾ വിരിച്ച് ചൊല്ലാൻ പാടില്ലാത്തതാണ്.
18. സുവിശേഷ പ്രഘോഷണത്തിനുശേഷം '' സുവിശേഷ വചനങ്ങൾ നമ്മുടെ പാപങ്ങൾ നീക്കം ചെയ്യട്ടെ'' എന്ന പ്രാർത്ഥന പതിഞ്ഞ സ്വരത്തിലാണ് ചൊല്ലേണ്ടത്. ഇത് ഉറക്കെ ചൊല്ലുകയോ ജനങ്ങൾ അതിന് ''ആമേൻ'' എന്നു പ്രത്യുത്തരിക്കുകയോ സുവിശേഷഗ്രന്ഥം ഉയർത്തിപ്പിടിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.
19. മെത്രാനാണ് മുഖ്യകാർമ്മികൻ എങ്കിൽ ഡീക്കനോ വൈദികനോ സുവിശേഷവായനയ്ക്കുമുമ്പായി മെത്രാനിൽ നിന്ന് ആശീർവാദം സ്വീകരിക്കേണ്ടതാണ്.
20. സുവിശേഷപ്രസംഗത്തിന്റെ ആരംഭത്തിലോ സമാപനത്തിലോ ''പിതാവിന്റെയും പുത്രന്റെയും'' എന്നു തുടങ്ങിക്കൊണ്ടുള്ള കുരിശടയാളം പാടില്ലാത്തതാകുന്നു. സുവിശേഷപ്രസംഗം ദിവ്യപൂജയുടെ സമഗ്രമായ ഭാഗമായതുകൊണ്ടാണ് ഇപ്രകാരം നിർദേശിച്ചിരിക്കുന്നത്.
21. വചനാധിഷ്ഠിതവും ആരാധനക്രമാധിഷ്ഠിതവുമായ പ്രസംഗം ഒരുക്കത്തോടുള്ളതും വിശ്വാസികളുടെ ജീവിതവുമായി ബന്ധമുള്ളതുമായിരിക്കണം. മറ്റു മതഗ്രന്ഥങ്ങളിൽ അധിഷ്ഠിതമായ പ്രസംഗങ്ങൾ ഒഴിവാക്കേണ്ടതാണ്. ദൈർഘ്യമേറിയ പ്രസംഗം പ്രത്യേകിച്ച് ധ്യാനപ്രസംഗങ്ങൾ സുവിശേഷ പ്രസംഗത്തിൽ പാടില്ലാത്തതാകുന്നു. അത് ദിവ്യബലിക്ക് മുമ്പോ ശേഷമോ നടത്താവുന്നതാണ്.
22. വായനകൾക്കും വചനപ്രസംഗത്തിനും ശേഷം അല്പം നിശ്ശബ്ദത പാലിക്കേണ്ടതാണ്.[8]
23. വിശ്വാസപ്രമാണം കാർമ്മികനും ജനവും ഒരുമിച്ച് ഉച്ചസ്വരത്തിൽ ചൊല്ലേണ്ടതാണ്. ''പരിശുദ്ധാത്മാവിനാൽ മനുഷ്യനായി പിറന്നു'' എന്നു ചൊല്ലുമ്പോൾ ശിരസ്സു നമിക്കേണ്ടതാണ്. തിരുപ്പിറവി മഹോത്സവത്തിലും മംഗളവാർത്ത മഹോത്സവത്തിലും ഇവിടെ എല്ലാവരും മുട്ടുകുത്തേണ്ടതാണ്. വിശ്വാസപ്രമാണം ആരംഭിച്ചതിനുശേഷം കാർമ്മികൻ മൗനമായി നില്ക്കുന്നത് തെറ്റായ പ്രവണതയാണ്.
24. വിശ്വാസികളുടെ പ്രാർത്ഥന ലളിതവും ഹ്രസ്വവുമായിരിക്കണം.[9] പൊതുവെ നിയോഗങ്ങളുടെ ക്രമം ഇപ്രകാരമാണ്.

[8] ശ്രവിച്ച തിരുവചനത്തെക്കുറിച്ച് ധ്യാനിക്കുന്നതിനുവേണ്ടിയാണ് ഈ നിശബ്ദത പാലിക്കേണ്ടത്.

[9] '' സമർപ്പിക്കുന്ന നിയോഗങ്ങൾ ഗൗരവത്തോടെയും സ്വതന്ത്രമായും വിവേകപൂർവ്വമായും സംക്ഷിപ്തമായും എഴുതപ്പെട്ടതും സമൂഹത്തിലെ എല്ലാവരുടെയും പ്രാർത്ഥന പ്രകടിപ്പിക്കണതുമായിരിക്കണം. (GIRM 71)

1) തിരുസഭയുടെ ആവശ്യങ്ങൾക്കുവേണ്ടി
2) ഭരണാധികാരികൾക്കും ലോകരക്ഷയ്ക്കും വേണ്ടി
3) ഏതെങ്കിലും വിധത്തിൽ വിഷമത അനുഭവിക്കുന്നവർക്കുവേണ്ടി
4) പ്രാദേശികസമൂഹത്തിനുവേണ്ടി

25. വിശ്വാസികളുടെപ്രാർത്ഥന പരിശുദ്ധകന്യകമറിയത്തിന്റെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥംവഴി സമർപ്പിക്കുന്നതും അതിൽ അവരെ അഭിസംബോധനചെയ്യുന്നതും തെറ്റായ പ്രവണതയാണ്.
26. വിശ്വാസികളുടെപ്രാർത്ഥനയും കാഴ്ചവയ്പുകർമ്മവും തമ്മിൽ കൂട്ടികലർത്താൻ പാടില്ല.
27. വിശ്വാസികളുടെപ്രാർത്ഥനയിലെ സമാപനപ്രാർത്ഥന മുഖ്യകാർമ്മികൻ കൈകൾ വിരിച്ചുപിടിച്ചുകൊണ്ടാണ് ചൊല്ലേണ്ടത്.

<u>**സ്തോത്രയാഗ കർമ്മം**</u>

28. അപ്പത്തിനും വീഞ്ഞിനുമൊപ്പം ദേവാലയത്തിനും നിർദ്ധനർക്കുംവേണ്ടി പണമോ മറ്റു കാഴ്ചവസ്തുക്കളോ കാഴ്ചവയ്പു പ്രദക്ഷിണത്തിൽ കൊണ്ടുവരാവുന്നതാണ്. എന്നാൽ കാഴ്ചയർപ്പകരുടെ ക്രമാതീതമായ എണ്ണം കുറയ്ക്കേണ്ടതാണ്. ദിവ്യബലിക്കുള്ള കാഴ്ചവസ്തുക്കളായ അപ്പവും വീഞ്ഞുമൊഴികെ മറ്റ് കാഴ്ചവസ്തുക്കൾ ബലിവേദിയിൽ ഉചിതമായ സ്ഥലത്ത് ക്രമീകരിക്കേണ്ടതാണ്.
29. കാഴ്ചവയ്പുസമയത്ത് പ്രതീകാത്മകമായ വസ്തുക്കൾ കൊണ്ടുവരുന്നതും അവയുടെ അർത്ഥം വിവരിക്കുന്നതും പാടില്ലാത്തതാകുന്നു.
30. കാഴ്ചവയ്പുഗാനം ഉള്ളപ്പോൾ കാർമ്മികൻ ''എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ'' എന്ന പ്രാർത്ഥന ഉറക്കെ ചൊല്ലുന്നതും ജനങ്ങൾ അതിന് പ്രത്യുത്തരിക്കുന്നതും അഭികാമ്യമല്ല.
31. കാഴ്ചവസ്തുക്കൾ ഒരുക്കുന്ന സമയത്ത് കാഴ്ചദ്രവ്യങ്ങളെയും അൾത്താരയെയും കുരിശിനെയുമാണ് ധൂപിക്കേണ്ടത്; സക്രാരിയെയല്ല.
32. മുഖ്യകാർമ്മികനെ ധൂപിക്കുന്നത് ധൂപവാഹകനോ ഡീക്കനോ ആണ്, സഹകാർമ്മികനല്ല. ധൂപവാഹകൻ വൈദികനെയും ജനത്തെയും ധൂപിക്കുമ്പോൾ മൂന്നു പ്രാവശ്യം ധൂപിക്കുന്നു. സഹകാർമ്മികരെയും ജനങ്ങളെയും ധൂപിക്കുന്നതിനുമുമ്പ് എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.[10]
33. ''സഹോദരരേ എന്റെയും നിങ്ങളുടെയും ബലി'' എന്നുള്ള പുരോഹിതന്റെ ആഹ്വാന സമയത്ത് എല്ലാവരും എഴുന്നേല്ക്കുന്നു. ഈ ആഹ്വാനം ''എന്റെയും നിങ്ങളുടെയും'' എന്നുതന്നെയാണ് ചൊല്ലേണ്ടത്. ''നമ്മുടെ ബലി''എന്നല്ല. [11]

---

[10] മൂന്ന് പ്രാവശ്യം ധൂപിക്കേണ്ട വിശുദ്ധ വസ്തുക്കളും വ്യക്തികളും : പരിശുദ്ധ ദിവ്യകാരുണ്യം, വി. കുരിശ്, പൊതു ആരാധനയ്ക്കായുള്ള കർത്താവിന്റെ തിരുസ്വരൂപങ്ങൾ, വി. കുർബാനയിലെ കാഴ്ചദ്രവ്യങ്ങൾ, സുവിശേഷഗ്രന്ഥം, പെസഹാത്തിരി, പുരോഹിതൻ, ജനങ്ങൾ.

രണ്ടുപ്രാവശ്യം ധൂപിക്കേണ്ടവ : പൊതുവായ വണക്കത്തിന് വച്ചിരിക്കുന്ന വിശുദ്ധരുടെ തിരുശേഷിപ്പുകളും തിരുസ്വരൂപങ്ങളും. (GIRM 277)

[11] ശുശ്രൂഷാ പൗരോഹിത്യത്തിന്റെയും പൊതു പൗരോഹിത്യത്തിന്റെയും വ്യതിരിക്തത വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചൊല്ലുന്നത്.

34. ആമുഖഗീതിയിൽ ദിവ്യപൂജാഗ്രന്ഥത്തിലുള്ള വാക്കുകളാണ് ഉപയോഗിക്കേണ്ടത്. വാക്കുകൾ മാറ്റി പാടുന്നത് അനുവദിച്ചിട്ടില്ലാത്തതാണ്.
35. ''ഹൃദയങ്ങൾ കർത്താവിങ്കലേക്ക് ഉയർത്തുവിൻ'' എന്ന് കാർമ്മികൻ പറയുന്നതോടൊപ്പം കാർമ്മികൻ കരങ്ങൾ അല്പം കൂടി ഉയർത്തേണ്ടതാണ്. ''നമ്മുടെ കർത്താവായ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കാം'' എന്നു പറയുമ്പോൾ കൈകൾ കൂപ്പുന്നില്ല.
36. ''പരിശുദ്ധൻ'' എന്ന ഗാനത്തിനുപകരം ''ഓശാന ഈശനു സതതം'' എന്ന ഗാനമോ മറ്റു ഗാനങ്ങളോ അനുവദിച്ചിട്ടില്ലാത്തതാണ്.
37. സ്തോത്രയാഗപ്രാർത്ഥനകൾ തമ്മിൽ കൂട്ടികലർത്താൻ പാടില്ലാത്തതാകുന്നു.
38. പരിശുദ്ധാത്മാവിന്റെ ആവാസപ്രാർത്ഥനയുടെ (first epiclesis) സമയത്ത് സഹകാർമ്മികർ എല്ലാവരും ആ പ്രാർത്ഥന തീരുന്നതുവരെ കാഴ്ചദ്രവ്യങ്ങളുടെ നേരെ രണ്ടു കരങ്ങളും കമഴ്ത്തി പിടിക്കേണ്ടതാണ്. കൂദാശ വചനങ്ങൾ ചൊല്ലുമ്പോൾ സഹകാർമ്മികർ തങ്ങളുടെ വലത്തുകരം തിരുവോസ്തിയുടെയും കാസയുടെയും നേരെ സൂചനാത്മകമായ രീതിയിൽ (indicative form) നീട്ടിപിടിക്കുന്നു; കരം കമഴ്ത്തിപിടിക്കാൻ പാടില്ല.
39. സ്തോത്രയാഗപ്രാർത്ഥനയിൽ മുഖ്യകാർമ്മികൻ, കാർമ്മികർ ഒരുമിച്ച്, ഓരോ സഹകാർമ്മികൻ എന്നിവർക്കായി നിഷ്ക്കർഷിച്ചിട്ടുള്ള ക്രമം പാലിക്കേണ്ടതാണ്.
40. കൂദാശവചനങ്ങൾ ചൊല്ലുമ്പോഴും അതിനുശേഷം തിരുശരീരവും തിരുരക്തവും ഉയർത്തുമ്പോഴും തുടർന്ന് കുമ്പിട്ടുവണങ്ങുമ്പോഴും വാദ്യോപകരണങ്ങൾ ഉപയോഗിക്കുകയോ മറ്റു പ്രാർത്ഥനകൾ ചൊല്ലുകയോ ഗീതങ്ങൾ ആലപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.
41. പുരോഹിതൻ തിരുശരീരവും തിരുരക്തവും ഉയർത്തുമ്പോൾ ജനങ്ങളെല്ലാവരും അവയെ ദർശിക്കേണ്ടതാണ്. തുടർന്ന് പുരോഹിതനോടൊപ്പമാണ് കുമ്പിടേണ്ടത്.
42. നാലാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ അതിന്റെ തന്നെ ആമുഖഗീതി ഉപയോഗിക്കേണ്ടതാണ്.
43. സമാപനസ്തുതിഗീതം (doxology) കാർമ്മികർ മാത്രമാണ് ചൊല്ലേണ്ടത്. ജനങ്ങൾ കൂടെ ചൊല്ലാൻ പാടില്ലാത്തതാണ്.
44. സമാപനസ്തുതിഗീതത്തിൽ കാസയും തളികയും മാത്രമാണ് ഉയർത്തിപ്പിടിക്കേണ്ടത്. കുസ്തോദി (ciborium) ഉയർത്തിപ്പിടിക്കാൻ പാടില്ലാത്തതാണ്.
45. മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയിൽ ''ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന'' എന്ന പ്രാർത്ഥനയുടെ അവസാനം ''ഇവർക്കു ശാന്തിയരുളണമേ'' എന്നു ചൊല്ലാൻ പാടില്ലാത്തതാണ്.
46. തിരുവോസ്തി തളികയുടെ മുകളിൽവച്ചാണ് മുറിക്കേണ്ടത്, കാസയുടെ മുകളിൽ വച്ചല്ല.
47. ദിവ്യകാരുണ്യസ്വീകരണസമയത്തുള്ള ''ക്രിസ്തുവിന്റെ തിരുശരീരം ..'' എന്ന പ്രാർത്ഥനയും ''ക്രിസ്തുവിന്റെ തിരുരക്തം .. ..'' എന്ന പ്രാർത്ഥനയും പുരോഹിതന്റെ വ്യക്തിഗതപ്രാർത്ഥനയായതുകൊണ്ട് പതിഞ്ഞസ്വരത്തിലാണ് ചൊല്ലേണ്ടത്. ഇവ ഉറക്കെ ചൊല്ലുകയോ ജനങ്ങൾ ''ആമേൻ'' എന്ന് പ്രത്യുത്തരിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.
48. കുസ്തോതി തിരുശീലയിലാണ് വയ്ക്കേണ്ടത്.
49. ദിവ്യഭോജനഗാനം ഉള്ളപ്പോൾ ദിവ്യഭോജനപ്രഭണിതം ചൊല്ലുന്നില്ല.

50. ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം അല്പനേരം നിശബ്ദത പാലിക്കേണ്ടതാണ്.[12] ആ സമയത്ത് മറ്റുപ്രാർത്ഥനകളോ അറിയിപ്പുകളോ നന്ദിപ്രകടനങ്ങളോ പാടില്ലാത്തതാണ്.
51. ദിവ്യകാരുണ്യസ്വീകരണം തീരുമ്പോൾതന്നെ ദിവ്യഭോജനഗാനം അവസാനിക്കേണ്ടതാണ്.
52. ദിവ്യകാരുണ്യത്തിന്റെ അസാധാരണശുശ്രൂഷകർ തങ്ങളുടെ ഡ്രസ്കോഡായ മെഡലും റിബണും ധരിക്കേണ്ടതാണ്.
53. ആവശ്യമായ ഓസ്തികൾ അതാതു ദിവ്യബലിയിൽതന്നെ കൂദാശചെയ്യേണ്ടതാണ്.

[12] സ്വീകരിച്ച ദിവ്യഭോജനത്തിന് കൃതജ്ഞത പ്രകാശിപ്പിക്കുവാൻവേണ്ടിയാണിത്.